# Deepika

## 17 July 2018

## Kochi, Traders, Heavy Rain, Flood, Disaster Relief



# കച്ചവടക്കാർക്കു ദുരിതാശ്വാസം അനുവദിക്കണം: ചേംബർ

കൊച്ചി: കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളക്കെട്ടിൽ നഗരത്തിലെ വ്യാപാരസ്ഥാപനങ്ങൾക്കു നഷ്ടം സംഭവിച്ചതായി കേരള മർച്ചന്റ്സ് ചേംബർ ഓഫ് കൊമേഴ്സ (കെഎംസിസി) ഭാരവാഹികൾ. വ്യാപാരകേന്ദ്രങ്ങളിൽ വെള്ളം കയറി പലയിടത്തും സാധനങ്ങൾ നശിച്ചു. മഴ സീസൺ ആരംഭിക്കുംമുമ്പ് കാനകൾ വൃത്തിയാക്കുകയോ പുനർനിർമിക്കുകയോ ചെയ്യാത്തതു മൂലമാണ് ഇത്രയും രൂക്ഷമായ വെള്ളക്കെട്ടുണ്ടായത്.

മാർക്കറ്റ് റോഡ്, ജ്യൂ സ്ട്രീറ്റ് മേഖലകളിൽ കോർപറേഷൻ അധികൃതർ കാനകൾ ശുചീകരിക്കുകയും പുനർനിർമിക്കുകയും ചെയ്തതിനാൽ വെള്ളക്കെട്ട് ഒഴിവായിട്ടുണ്ട്. ദുരിതത്തിലായ വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം കോർപറേഷൻ നൽകണമെന്നു പ്രസിഡന്റ് വി.എ. യൂസുഫും ജനറൽ സെക്രട്ടറി കെ.എം. മുഹമ്മദ് സഗീറും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.